# 104. ഫൗണ്ടൻപേന

ഫൗണ്ടൻപേനയെപ്പററിയുള്ള ഈ ലേഖനം ഞാൻ എഴുതുന്നതു് ഫൗണ്ടൻ പേന കൊണ്ടല്ല! ഒരു ബാൾപോയിൻറ് പേനകൊണ്ടാണു്. റീഫിൽ നല്ലതാണെങ്കിൽ ഏററവും കൂടുതൽ ലേഖനസുഖം നൽകുന്നതു് ബാൾപോയിൻറ് പേനയാകുന്നു. പഴയകാലത്തെ തടിച്ച സ്റ്റീൽപെന്നുകളുടെ ആകൃതിയാണു് എൻെറ ബാൾപോയിൻറ് പേനയ്ക്കു്. വിരലുകൾക്കിടയിൽ അതു നിറഞ്ഞുനില്ക്കുമ്പോൾ കടലാസ്സിലെ അക്ഷരങ്ങൾക്കെന്നപോലെ മനസ്സിലെ വിചാരങ്ങൾക്കും സ്ഥിരതയും സ്ഫുടതയും കൈവരുന്നതായി എനിക്കു തോന്നുന്നു.

ഞാൻ എഴുത്തു പഠിച്ചതു് പേന ഉപയോഗിച്ച് കടലാസ്സിൽ എഴുതിയിട്ടല്ല; നിലത്തു വിരിച്ച മണലിൽ വിരൽകൊണ്ടു് എഴുതിയിട്ടാണു്. പിന്നീടു് സ്കൂളിൽ പോകാൻ തുടങ്ങിയപ്പോൾ സ്ലേററിൽ പെൻസിൽകൊണ്ടു് എഴുതാൻ തുടങ്ങി. സ്ലേററുകല്ലു് കടഞ്ഞുണ്ടാക്കിയ, ഉരുണ്ടു് ഏതാണ്ടു് ആറിഞ്ചു നീണ്ട സാധാരണ പെൻസിലിനു പുറമെ, ചോക്കുപോലെ വെളുത്തു്, എഴുതുമ്പോൾ നല്ല മാർദവം അനുഭവപ്പെടുന്ന, അല്പം വിലകൂടിയ, മറെറാരുതരം പെൻസിലും അന്നു കിട്ടിയിരുന്നു. നിലത്തു വീണാൽ പൊട്ടിപ്പോകുന്ന ഈ രണ്ടുതരം പെൻസിലുകളുടെയും സംരക്ഷണത്തിനു്, ചെമ്പുകൊണ്ടോ തകരംകൊണ്ടോ ഉണ്ടാക്കിയ കുഴലുകളും അന്നു കടകളിൽ വാങ്ങാമായിരുന്നു. ചെറിയ പെൻസിൽക്കഷണങ്ങൾ ഈ കുഴലുകളിൽ തിരുകിവെച്ച് എഴുതാൻ സാധിച്ചിരുന്നു. കുറച്ചു് ഉപയോഗിച്ചശേഷം എന്തും എറിഞ്ഞുകളയുന്ന ഇന്നത്തെ ശീലം അന്നു് ആർക്കുമുണ്ടായിരുന്നില്ല. അതിനാൽ കുട്ടികളായിരിക്കേ ഞങ്ങൾ ചെറിയ സ്ലേററുപെൻസിൽക്കഷണങ്ങൾ ശേഖരിച്ചു് നിധിപോലെ സൂക്ഷിച്ചുവെച്ചുവന്നു.

സ്ലേററ് വിട്ടു് കടലാസ്സിൽ എഴുതാൻ തുടങ്ങിയപ്പോഴും പേനയായിരുന്നില്ല, പെൻസിലായിരുന്നു ഉപകരണം. അരയണ (ആറു പൈസ; രൂപയുടെ $\frac{6}{192}$ ഭാഗം) കൊടുത്താൽ അന്നു നല്ല കടലാസ്പെൻസിലുകൾ കിട്ടുമായിരുന്നു. പെൻസിലുകളിൽ രാജസ്ഥാനം അന്നു നൽകപ്പെട്ടിരുന്നതു് മദ്രാസ്സിലെ വി. പെരുമാൾച്ചെട്ടി എന്ന സ്റ്റേഷനറിക്കടക്കാർക്കുവേണ്ടി ചെക്കോസ്ലാവാക്യയിൽ നിർമിച്ചിരുന്നതും, കാർബൺ പേപ്പർവെച്ച് പല കടലാസ്സുകളിൽ ഒരേസമയം പല പകർപ്പുകൾ എഴുതിയുണ്ടാക്കാൻ ഉദ്ദേശിച്ചിരുന്നതുമായ, വയലററ്നിറത്തിലുള്ള, കോപ്പിയിങ്ങ് പെൻസിലിനു് ആയിരുന്നു. ഇതിനു് അന്നു മൂന്നണ ($\frac{36}{162}$ രൂപ) വിലയുണ്ടായിരുന്നു. തേഞ്ഞുപോകാതെ ദീർഘകാലം നിലനില്ക്കുന്നതായിരുന്നു ആ പെൻസിൽ; അതുകൊണ്ടു് എഴുതിയാൽ വേഗത്തിൽ മാഞ്ഞുപോവുകയും ഇല്ല. നനഞ്ഞാലാകട്ടെ അതു് മഷിപോലെ തെളിയുകയും ചെയ്യും. കുഞ്ഞുക്കുട്ടൻതമ്പുരാൻ ഭാരതതർജമ എഴുതാൻ ഉപയോഗിച്ചിരുന്നതു്, മിക്കപ്പോഴും ആ പെൻസിലായിരുന്നു.

'പെരുമാൾച്ചെട്ടിപ്പെൻസിലി—
നരുതിയിതാ വന്നു ഭാരതാപ്പീസിൽ
ഒരു കോലയച്ചുതരണം
വെറുതേ കരുതിക്കിടന്നിടും വകയിൽ'

എന്ന അദ്ദേഹത്തിൻെറ നിമിഷകവിത അന്നു ഞങ്ങൾക്കൊക്കെ സുപരിചിതമായിരുന്നു.

പെൻസിൽ വിട്ടു്, കടലാസ്സിൽ മഷികൊണ്ടു് എഴുതാൻ തുടങ്ങിയ ഞങ്ങൾ ഉപയോഗിച്ചുവന്നതു് പലതരം സ്റ്റീൽപേനകളാണു്. മരംകൊണ്ടൊരു

തണ്ട്; അതിന്റെ അററത്ത് തകരംകൊണ്ടൊരു കുഴൽ; അതിൽ തിരുകിക്കയററുന്ന നിബ്ബ്—ഇതാണ് സ്റ്റീൽപേന. നിബ്ബ് ഇരുമ്പുകൊണ്ടോ പിച്ചളകൊണ്ടോ ആയിരിക്കും. ഒരു നിബ്ബിന്ന് അന്നു മൂന്നു പൈസ($\frac{3}{192}$ രൂപ)യോളമായിരുന്നു വില. പരുന്തിന്റെയോ മററോ വലിയ തൂവൽ കിട്ടിയാൽ, അതിന്റെ കട നിബ്ബിന്റെ ആകൃതിയിൽ ചെത്തി, നടുവേ അല്പം കീറി അതും പേനയായി ഉപയോഗിച്ചിരുന്നു. പേന ഒരുതവണ മഷിയിൽ മുക്കിയാൽ അതുകൊണ്ട് ഇരുപതോ മുപ്പതോ അക്ഷരങ്ങൾ എഴുതാം. പലതരം മഷിക്കുപ്പികൾ അന്നു കിട്ടിയിരുന്നു. ചിലതു് മണ്ണുകൊണ്ടുണ്ടാക്കിയ ചെറിയ ഭരണികളായിരുന്നു. ധാരാളം പ്രചാരമുണ്ടായിരുന്ന ഒരുതരം മഷിക്കുപ്പി ചില്ലുകൊണ്ടുണ്ടാക്കിയതും, വായയുടെ വക്കുകൾ ഫണൽപോലെ അകത്തേക്കു മടങ്ങിയതും ആയിരുന്നു. കമഴ്ത്തിയാലും മഷി പുറത്തു പോവില്ല എന്നതായിരുന്നു ഈ ആകൃതിയുടെ മെച്ചം. മഷി കലക്കാൻ ഉപയോഗിച്ചിരുന്ന പലതരം പൊടികളും ഗുളികകളും അന്നു കിട്ടിയിരുന്നു. ഇവ പോരാഞ്ഞു്, കടുക്ക ചതച്ച് വെള്ളത്തിലിട്ട വെയിലിൽവച്ച് നിർമിച്ചിരുന്ന ഒരുതരം കറുത്ത മഷിയും ഞങ്ങൾ ഉപയോഗിച്ചുവന്നു. ക്ലാസ്സിൽ കോപ്പി എഴുത്തുള്ള ദിവസങ്ങളിൽ വൈകുന്നേരമാവുമ്പോഴേക്ക് കുട്ടികളുടെ വിരലുകളും ഉടുപ്പുകളും മഷി പുരണ്ട് വർണശബളങ്ങൾ ആവുക അന്നൊക്കെ പതിവായിരുന്നു.

പേനയുടെ തലപ്പ് (നിബ്ബ്) മഷിയിൽ മുക്കുന്നതിനു പകരം പേനയുടെ പൊള്ളയായ തണ്ടിൽ മഷി നിറയ്ക്കുന്ന വിദ്യയും അന്നു നടപ്പിലായിരുന്നു. ഇത്തരം 'ഫൗണ്ടൻപേന'കൾകൊണ്ട് എഴുതിയാൽ കൈയക്ഷരം കേടുവരുമെന്നു പറഞ്ഞു് മാതാപിതാക്കൾ കുട്ടികൾക്ക് അവ സാധാരണഗതിയിൽ വാങ്ങിക്കൊടുത്തിരുന്നില്ല. പക്ഷേ, മാതാപിതാക്കളുടെ ഈ പെരുമാററത്തിന്റെ യഥാർത്ഥകാരണം കുട്ടികളുടെ കൈയക്ഷരത്തിന്റെ മേന്മ സംബന്ധിച്ച ആശങ്കയൊന്നുമായിരുന്നില്ല. ഫൗണ്ടൻപേനയ്ക്ക് അന്നു വലിയ വിലയായിരുന്നു. ധാരാളം നടപ്പുണ്ടായിരുന്ന 'ബ്ലാക്ക്ബേർഡ്' പേനയ്ക്ക് മൂന്നു രൂപ. കുറേക്കൂടി നല്ല 'സ്വാൻ' പേനയ്ക്ക് ഏഴു രൂപ. സ്കൂൾമാസ്റ്ററും പണക്കാരനുമായിരുന്ന എന്റെ വലിയ ജ്യേഷ്ഠന്റെ കൈയിലിരുന്ന 'വാട്ടർമെൻസ് ഐഡിയൽ' എന്ന പേനയ്ക്ക് പന്ത്രണ്ടു രൂപ. 1930–കളിലെ സ്ഥിതിയാണിതു്. ഈ പേനകൾ എല്ലാംതന്നെ ബ്രിട്ടനിൽ ഉണ്ടാക്കിയവയായിരുന്നു.

പാവങ്ങളായ ഞങ്ങൾക്കുവേണ്ടി ജപ്പാൻകാർ ധാരാളം പേനകൾ ഇങ്ങോട്ടയച്ചിരുന്നു. രണ്ടോ മൂന്നോ അണ ($\frac{24}{192}$ ഓ $\frac{36}{192}$ ഓ രൂപ) കൊടുത്താൽ കിട്ടിയിരുന്ന ഈ പേനകളുടെ നിബ്ബ് ഗ്ലാസ്സ്(ചില്ല്)കൊണ്ടായിരുന്നു. ഇത്തരം നിബ്ബുകൾ രണ്ടാം മഹായുദ്ധത്തോടെ അപ്രത്യക്ഷങ്ങളായി; പിന്നീട് അവ പുനർജനിക്കുകയുണ്ടായില്ല.

മൂന്നു രൂപ കൊടുത്തു് ഒരു 'ബ്ലാക്ക് ബേർഡ്' പേന വാങ്ങാൻ തക്ക ധനസ്ഥിതി എനിക്കു കൈവന്നതു് പതിനാറോ പതിനെട്ടോ വയസ്സായപ്പോൾ മാത്രമാണ്. പാർക്കർപേനയിലേക്കു പ്രമോഷൻ കിട്ടാൻ പിന്നെയും അഞ്ചോ ആറോ വർഷങ്ങൾ കഴിയേണ്ടിവന്നു. മൂട്ടിൽ ഒരു പ്ലാസ്റ്റിക് പമ്പ് ഘടിപ്പിച്ചതായിരുന്നു ഞാൻ ആദ്യം വാങ്ങിയ പാർക്കർ പേന. അത്തരം പേനകൾ ഇപ്പോൾ കാണാനില്ല. പഴയ 'പാർക്കർ 51' പേനപോലെ മികച്ച ഒരു എഴുത്തുപകരണം വേറെ നിർമിക്കപ്പെട്ടിട്ടില്ല എന്നാണു വിദഗ്ധാഭിപ്രായം.

പാർക്കറെക്കാൾ കേമമാണ് 'ഷീഫർ' എന്നായിരുന്നു അക്കാലത്തെ ധാരണ. തൃശ്ശൂർ കേരളവർമ കോളേജിൽ ഞാൻ അദ്ധ്യാപകനായിരിക്കെ, പ്രിൻസിപ്പാൾ ശങ്കരൻ നമ്പ്യാർ എനിക്കൊരു ഷീഫർപേന സമ്മാനിക്കുകയുണ്ടായി. കോഴിക്കോട്ടു റെയിൽവേസ്റ്റേഷനിൽവെച്ച് എന്റെ പോക്കററിൽനിന്ന് അതു് അപ്രത്യക്ഷമായി. വ്യക്തിപരമായി വലിയൊരു നഷ്ടമായിരുന്നു അതു്.

1940–കളിൽ ബാൾപോയിൻറ് പേനകൾ സാർവത്രികങ്ങളായിത്തീർന്ന

പ്പോൾ ഫൗണ്ടൻപേനകളുടെ മരണമണി മുഴങ്ങിയതായി പലരും കരുതി. പക്ഷേ, വ്യവസായരംഗത്തു് ഫൗണ്ടൻപേന ഒരു തിരിച്ചുവരവു നടത്തിയിരിക്കുന്നതാണു് ഇപ്പോൾ കാണുന്നതു്. ബ്രിട്ടനിൽത്തന്നെ ആണ്ടുതോറും എട്ടു കോടി പവൻ വിലയുള്ള ഫൗണ്ടൻപേനകൾ ഇപ്പോൾ വിററുവരുന്നതായി 'ലണ്ടൻ ടൈംസിൽ'നിന്നു് ഉദ്ധരിച്ച ഒരു ലേഖനത്തിൽ ഈയിടെ വായിക്കുകയുണ്ടായി. അല്പം മുമ്പുവരെ പേന വാങ്ങിയിരുന്നതു്, പ്രധാനമായും, വിവാഹാവസരങ്ങളിലും മററും സമ്മാനം കൊടുക്കാനായിരുന്നുവത്രേ. ഇപ്പോഴിപ്പോൾ പലരും പേന വാങ്ങുന്നതു് സ്വന്തം നിത്യാവശ്യത്തിനുതന്നെയാണെന്നതു് ഈ വ്യവസായം ഭാവിയിൽ ഇനിയുമേറെ അഭിവൃദ്ധിപ്പെടുമെന്നതിന്റെ സൂചനയാണത്രേ. മാത്രമല്ല, കൂടുതൽ ചെറുപ്പക്കാർ—25 വയസ്സിനു താഴെയുള്ളവർ—ഇപ്പോൾ ഫൗണ്ടൻപേന വാങ്ങാൻ തുടങ്ങിയിരിക്കുന്നു; പ്രത്യേകിച്ചും പട്ടണങ്ങളിലുള്ളവർ.

ബ്രിട്ടനിലെ മാർക്കററിൽ ഇപ്പോഴും കൂടുതൽ പ്രിയം 'ഷീഫർ' പേനയ്ക്കാണു്. സാധാരണ ഒരു ഷീഫർപേനയ്ക്കു് 20 മുതൽ 50 വരെ പവൻ (ബ്രിട്ടനിൽ) വിലയുണ്ടു്. കട്ടിസ്വർണംകൊണ്ടു് ഉണ്ടാക്കിയ 'മാസ്റ്റർപീസ്' എന്ന ഷീഫർ പേനയ്ക്കു് രണ്ടായിരത്തഞ്ഞൂറു പവനാണത്രേ വില. ഇത്രയേറെ വിലയുള്ള പേനകൾ വാങ്ങുന്നതു്, മുഖ്യമായും എഴുതാൻവേണ്ടി ആയിരിക്കുകയില്ലല്ലോ. റിസ്റ്റ്‌വാച്ചുപോലെ ഒരാഭരണമാണു് ഫൗണ്ടൻപേനയും. കൈത്തണ്ടയിലെ വാച്ചുപോലെ, പോക്കററിലെ പേനയും അതു ധരിക്കുന്ന ആളിന്റെ വ്യക്തിത്വത്തെ തിളക്കിക്കാട്ടുന്നു.

പാർക്കർ, വാട്ടർമാൻസ്, ക്രോസ്, പെലിക്കൻ, മോണ്ട്ബ്ലാങ്ക്, ഡൺഹിൽ, ലാമ—അങ്ങനെ പ്രസിദ്ധങ്ങളായ ഫൗണ്ടൻപേനകൾ വേറെയുമുണ്ടു്. എല്ലാം സാങ്കേതികമേന്മ മുററിയവതന്നെ. പല വലിപ്പത്തിലും നിറങ്ങളിലും ഇവ കിട്ടും. എങ്കിലും, 1920–കളിൽ കിട്ടിയിരുന്ന അതേ വലിപ്പത്തിലും നിറങ്ങളിലും ഉള്ള പേനകൾക്കാണത്രേ രണ്ടു വർഷങ്ങളായി കൂടുതൽ ആവശ്യക്കാർ ഉള്ളതു്. പഴമയിലേയ്ക്കുള്ള ഒരു തിരിച്ചുപോക്കു് ഈ രംഗത്തു് കണ്ടുവരുന്നതായി പേനവ്യവസായികൾ പറയുന്നു.

നിങ്ങൾക്കു് എത്ര ഫൗണ്ടൻപേന വേണം? എത്ര ഷർട്ടുകൾ, അല്ലെങ്കിൽ എത്ര സാരികൾ നിങ്ങൾക്കു് ഉണ്ടു് എന്നതിനെ ആശ്രയിച്ചിരിക്കുന്നു അതു്. ഫൗണ്ടൻപേന ഒരാഭരണംകൂടിയാണു് എന്നു പറഞ്ഞുവല്ലോ. ഷർട്ടുമായി, അല്ലെങ്കിൽ സാരിയുമായി, ഫൗണ്ടൻപേന 'മാച്ച്' ചെയ്യുമ്പോൾ മാത്രമേ, നിങ്ങളുടെ വ്യക്തിത്വം പരമാവധി തിളക്കമുള്ളതായി മററുള്ളവർക്കു് അനുഭവപ്പെടുകയുള്ളൂ. എങ്കിലും സ്വർണനിറമോ, തനിക്കറുപ്പോ ആയ പേന എല്ലാ നിറത്തിലുമുള്ള ഉടുപ്പുകളുമായും പൊതുവെ ഒത്തുപോകുമെന്നാണു് ഫാഷൻവിദഗ്ദ്ധർ കരുതുന്നതു്.

പാർക്കർ എന്ന ബ്രിട്ടീഷ്കമ്പനി ആണ്ടിൽ അഞ്ചു കോടിയോളം പവൻ വിലയുള്ള ഫൗണ്ടൻപേനകൾ ബ്രിട്ടനിൽ വില്ക്കുന്നുണ്ടു്. അഞ്ചു പവൻ മുതൽ രണ്ടായിരം പവൻവരെ വിലയുള്ള പേനകൾ ഇവർ നിർമിക്കുന്നു. എന്തുകൊണ്ടു് ഇത്ര കൂടുതൽ വില? കാരണമുണ്ടു്. ഒരു സ്വർണനിബ്ബ് ശരിപ്പെടുത്തി എടുക്കാൻ ഈ കമ്പനി മൂന്നാഴ്ചയോളം സമയം എടുക്കുമത്രേ. വിദഗ്ദ്ധരായ തൊഴിലാളികളുടെ നീണ്ടുനില്ക്കുന്ന അദ്ധ്വാനം നല്ല പേനകളുടെയെല്ലാം അഴകിനും കാര്യക്ഷമതയ്ക്കും പിന്നിലുണ്ടു്. 'പെലിക്കൻ' പേനകൾ നിർമിക്കുന്നതു് പടിഞ്ഞാറെ ജർമനിയിലാണു്. ഇന്ത്യയിൽ ഇത്തരം പേനകൾക്കു് അധികം പ്രചാരമില്ലെന്നു തോന്നുന്നു. മോണ്ട്ബ്ലാങ്ക്, ലാമി എന്നീ പേനകളും പടിഞ്ഞാറെ ജർമനിയിൽ നിർമിക്കുന്നവയാണു്. കുറെനാൾ എന്റെ കൈയിൽ വിലകുറഞ്ഞ ഒരു മോണ്ട്ബ്ളാങ്ക് പേനയുണ്ടായിരുന്നു. അതു് എങ്ങനെ നഷ്ടപ്പെട്ടു എന്നു് ഇപ്പോൾ ഓർക്കുന്നില്ല.

കുറേ നാൾ ഉപയോഗിച്ചശേഷം വലിച്ചെറിയാനുള്ളവയല്ല ഫൗണ്ടൻപേനകൾ. പഴയ പേനകൾ വാങ്ങാൻ ആളുണ്ട്; അവയ്ക്കു നല്ല വില കിട്ടുകയും ചെയ്യും. 1930-കളിൽ അഞ്ചു ഷില്ലിങ്ങ് വിലയുണ്ടായിരുന്ന പഴയ പേനകൾക്ക് ഇപ്പോൾ ലണ്ടൻ മാർക്കററിൽ അറുപതു പവൻവരെ വിലയുണ്ടത്രേ. ഫൗണ്ടൻ പേന റിപ്പയർചെയ്യുന്ന കടകളും പൂട്ടിപ്പോയിട്ടൊന്നുമില്ല. 'പെൻഹോസ്പിററൽ' എന്ന പേരിലാണ് ഇത്തരം കടകൾ അറിയപ്പെടുന്നത്. ഈ പേരിന്റെ സൂചന വ്യക്തമാണ്; കേടുവന്ന പേനകൾ നന്നാക്കാനുള്ളവയാണ്, വലിച്ചെറിയാനുള്ളവയല്ല!

ഇന്ത്യയിൽ ഇപ്പോൾ നല്ല വാച്ചുകൾ ധാരാളമായി ഉണ്ടാക്കിവരുന്നുണ്ട്. പക്ഷേ, നല്ല ഒരു ഇന്ത്യൻ ഫൗണ്ടൻപേന ഇനിയും ഒരു സ്വപ്നമായി അവശേഷിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ പേനമാർക്കററ് അടക്കി വാഴുന്നതു് വില കുറഞ്ഞ ചൈനീസ് പേനകളാണ്.

സ്റ്റാമ്പുശേഖരണംപോലെ രസകരമായ ഒരു ഹോബിയാണ് പേനശേഖരണം. എന്റെ അറിവിൽപെട്ടിടത്തോളം ഏററവും വലുതും വൈവിധ്യപൂർണവുമായ പേനശേഖരമുള്ളതു്, എഴുത്തുകാരനും മുൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പലും ആയ കോഴിക്കോട്ടെ ഡോക്ടർ കെ. മാധവൻകുട്ടിയുടെ കൈയിലാണ്.

(6 മാർച്ച്, 1988)

# 105. അച്ചിക്കോന്തന്മാർ

എല്ലാവർക്കും എല്ലാവരെയും അറിയാമായിരുന്ന ഞങ്ങളുടെ ഉൾനാട്ടിൽ 'ഗോവിന്ദൻനായർ' എന്നു കേട്ടാൽ ഉടനെ ചോദ്യം വരും, 'ഏതു് ഗോവിന്ദൻ നായർ?' കാരണം അച്ഛനും അമ്മയും ഇട്ട പേരിൽ അയാളെ ആരും അറിഞ്ഞിരുന്നില്ല. അതേസമയം, നാട്ടുകാർ അയാൾക്ക നൽകിയ 'അച്ചിക്കോന്തൻ നായർ' എന്നപേരിൽ അയാളെ അറിയാത്തവരായി ആരുംതന്നെ ഉണ്ടായിരുന്നുമില്ല.

'ഗോയിന്നാരേ, പൂവാലിപ്പയ്യിനെ പുറത്തു കടത്തി കെട്ടൂ' എന്ന കല്യാണിയമ്മയുടെ ആജ്ഞ കേട്ടുകൊണ്ടാണ് അയൽപക്കം ഉണരുന്നതു്. കല്യാണിയമ്മയ്ക്കു് ഒരു രഹസ്യവുമില്ല. എല്ലാ സംസാരവും ഉറക്കെയുറക്കെയാണ്. അയൽപക്കത്തു മുഴുവൻ കേൾക്കാം.

പുലരുംമുമ്പ് കല്യാണിയമ്മയ്ക്കു പശുവിനെ കറക്കണം. പക്ഷേ, തൊഴുത്തിൽ കടക്കാൻ കല്യാണിയമ്മ തയ്യാറല്ല. ചാണകം ചവുട്ടേണ്ടിവന്നാലോ? അതുകൊണ്ട് പശുവിനെ പുറത്തു കടത്തി കെട്ടുവാൻ കല്യാണിയമ്മ ഭർത്താവിനോട് ആവശ്യപ്പെടുന്നു. അനുസരണയുള്ള ഭർത്താവ് അങ്ങനെ ചെയ്യുന്നു. പക്ഷേ, അല്പം മന്ദബുദ്ധി ആയതുകൊണ്ടോ എന്തോ, ഇതു് അയാൾക്കൊരു ശീലമായിത്തീരുന്നില്ല. അതിനാൽ എല്ലാ ദിവസവും രാവിലെ കല്യാണിയമ്മയ്ക്കു 'ഗോയിന്നാരേ!' എന്നു തുടങ്ങുന്ന കല്പന ആവർത്തിക്കേണ്ടിവരുന്നു.

പിന്നെ കല്പനകൾ തുരുതുരെ വരുന്നു. 'ഗോയിന്നാരേ, തൊഴുത്തിലെ ചാണകം വാരി കളയൂ,' ഗോയിന്നാരേ, പൂവാലിപ്പയ്യിനെ തൊഴുത്തിൽ കടത്തിക്കെട്ടൂ', 'ഗോയിന്നാരേ, പൂവാലിപ്പശുവിനു വൈക്കോൽ ഇട്ടുകൊടുക്കൂ', 'ഗോയിന്നാരേ, കാലും മുഖവും കഴുകി കഞ്ഞികുടിക്കാൻ വരൂ.' ഗോവിന്ദൻ നായർ–കല്യാണിയമ്മ ദമ്പതിമാർക്കു കുട്ടികളില്ലാത്തതിനാൽ, 'ഗോയിന്നാരേ, കുട്ടികളെ സ്കൂളിൽ കൊണ്ടാക്കൂ' എന്ന് കല്യാണിയമ്മയ്ക്കു പറയേണ്ടിവരാ